

കുമാരനാശാന്റെ 'നളിനി' എന്ന ഖണ്ഡകാവ്യത്തിലെ ഭാഗമാണിത്. നളിനിയും ദിവാകരനും കളിക്കൂട്ടുകാരായിരുന്നു – ഒരുമിച്ച് പാഠശാലയിൽ പോയവർ, സ്നേഹം പങ്കുവച്ച് വളർന്നവർ. യുവാവായ ദിവാകരൻ സന്ന്യാസത്തിൽ തൽപ്പരനായി നാടുവിട്ടു പോയി. തന്റെ വിവാഹം നിശ്ചയിച്ചതറിഞ്ഞ് വീടുവിട്ടിറങ്ങി, പൊയ്കയിലേക്ക് എടുത്തുചാടിയ നളിനിയെ ഒരു സന്ന്യാസിനി രക്ഷപ്പെടുത്തുന്നു. വർഷങ്ങൾക്കു ശേഷം ഹിമാലയത്തിൽ സന്ന്യാസിയായി കഴിയുന്ന ദിവാകരനെ നളിനി കണ്ടുമുട്ടുന്നതും തന്നെ പരിചയപ്പെടുത്തിക്കൊണ്ട് സ്മരണകൾ പങ്കുവയ്ക്കുന്നതുമാണ് പാഠഭാഗം.

# പ്രിയദർശനം

"കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ; ഭവാനു പ-
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ.

പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ കൊതിച്ചു ഞാൻ
കേണുവാണിവിടെ, യേകുമർത്ഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ.

സന്ന്യസിച്ചളവുമാസ്ഥയാൽ ഭവാൻ
തന്നെയോർത്തിഹ തപസ്സിൽ വാണു ഞാൻ
ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും."

ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ,
ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം.

ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം;
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം.



ആരതെന്നുടനറിഞ്ഞു കൗതുകം
പാരമാർന്നു കരുതിപ്പുരാഗതം,
ചാരുശൈശവകഥയ്ക്കുതന്നെ ചേർ-
ന്നോരു വാക്കരുളിനാൻ കനിഞ്ഞവൻ.

“പാരവും പരിചയം കലർന്നെഴും
പേരുമീ മധുരമായ കണ്ഠവും
സാരമായ് സ്മൃതിയിൽ നീയുമിപ്പൊൾ നിൻ
ദൂരമാം ഭവനവും വരുന്നയേ!

കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽ വേണ്ട സഖി, കേണിടേണ്ട കേൾ,
പണ്ടു നിന്നെയൊരിളംകുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ.

എന്നിൽ നിന്നണുവുമേൽക്കിലപ്രിയം
നിന്നു കേഴുമയി! കണ്ടിടുന്നിതേ
നിന്നിലിപ്രണയചാപലത്തെ ഞാ-
നന്നുമിന്നുമൊരുപോലെ വത്സലേ!

പോയതൊക്കെയഥവാ നമുക്കയേ,
പ്രായവും സപദി മാറി കാര്യവും,
ആയതത്വമറിവിന്നുമാർന്നു, - പോ-
ട്ടായതെന്തിവിടെ വാണിടുന്നു നീ?

ഓതുകിന്നതഥവാ വൃഥാ ശുഭേ
ഹേതു കേൾക്കുവതൊരർഥമേതിനോ
നീ തുനിഞ്ഞു - നിജകർമ്മനീതരാ-
യേതുമാർഗമിയലാ ശരീരികൾ.

പിന്നെയൊന്നൊരുപകാരമേതിനോ-
യെന്നെയോർത്തു സഖി, ഏതതോതുക;
അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ, വിവേകികൾ.”

നളിനി
(എൻ. കുമാരനാശാൻ)

- ‘ഭവാനു പണ്ടിഷ്ടയാം ‘നളിനി’ ഞാൻ’-
  നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന് കാരണമെന്താവാം? ചർച്ചചെയ്യുക.

2Q43AA

- “ധീരനായ യതി നോക്കി തന്വിതൻ
  ഭൂരിബാഷ്പപരിപാടലം മുഖം;
  പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
  ധാരയാർന്ന പനിനീർസുമോപമം.”
  - ദിവാകരനെയും നളിനിയെയും സൂചിപ്പിക്കാൻ ഈ കാവ്യഭാഗത്തുപയോഗിച്ച പദങ്ങൾ ഏതെല്ലാം?
  - പ്രഭാതത്തിലെ സൂര്യസാന്നിധ്യം കൊണ്ട് പനിനീർപ്പൂ വികസിക്കുന്നതുപോലെ എന്ന പ്രയോഗം സന്ദർഭത്തിനു മിഴിവേകുന്നതെങ്ങനെ?

    ഈ വരികളിലെ ചമൽക്കാരഭംഗി കണ്ടെത്തി വിവരിക്കുക.
- “പോയതൊക്കെയഥവാ നമുക്കയേ
  പ്രായവും സപദി മാറി കാര്യവും”
  ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക.

- "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
  ദിഷ്ടമീ വടിവിയന്നു വന്നപോൽ
  ദൃഷ്ടനായിഹ ഭവാൻ! ഭവാനുപ-
  ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!"
- "കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
  ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ,
  പണ്ടു നിന്നെയൊരിളംകുരുന്നതായ്
  കണ്ടു ഞാൻ, സപദി വല്ലിയായി നീ"

വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിയെഴുതുക.

കവിതാഭാഗങ്ങൾ താളത്തിൽ ചൊല്ലിയവതരിപ്പിക്കുക.

- "രാഗങ്ങളോരോന്നേ ഗോകുലനായകൻ
  മേളം കലർന്നങ്ങു പാടുന്നേരം
  വൃന്ദാവനംതന്നിലുള്ളൊരു ജീവികൾ
  നന്ദിച്ചുനിന്നുതേ മന്ദം മന്ദം."

  *- കൃഷ്ണഗാഥ (ചെറുശ്ശേരി)*
- "തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
  ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
  മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
  ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി."

  *- കാളകൾ (പി. ഭാസ്കരൻ)*
- "പ്രാണനോടുമൊരുനാൾ ഭവൽപദം
  കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
  കേണുവാണിവിടെ; യേകുമർഥിയാം
  പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ."

  *- നളിനി (കുമാരനാശാൻ)*

ഈ വരികൾ ഒരേ താളത്തിൽ ചൊല്ലാനാവുന്നുണ്ടോ? എന്തുകൊണ്ടാണ് താള വ്യത്യാസം അനുഭവപ്പെടുന്നത്? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.

"അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"

*- കുമാരനാശാൻ*

"അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായി വരേണം."

*- ശ്രീനാരായണഗുരു*

നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രകൃതിദുരന്തത്തെയാണ് കേരളം അതിജീവിച്ചത്. ഇവിടെ രക്ഷകരായത് നമ്മുടെ സ്വന്തം സൈന്യമെന്ന് പ്രകീർത്തിക്കപ്പെട്ട മത്സ്യത്തൊഴിലാളികളും വിവിധ സേനാവിഭാഗങ്ങളും യുവാക്കളും നാട്ടുകാരുമാണ്. മഹത്തായ ഈ രക്ഷാപ്രവർത്തനദൗത്യത്തെയും മുകളിൽ നൽകിയ വരികളിലെ സന്ദേശത്തെയും ഉൾപ്പെടുത്തി 'കേരളം ലോകത്തിനു മാതൃക' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.